Mathrubhumi 28-09-18, P-04

# കൊണ്ടാഴിയിൽ കണ്ടങ്ങൾ വരണ്ടുതുടങ്ങുന്നു

പ്രളയം കവർന്നെടുത്ത കണ്ണീർപ്പാടങ്ങളിലൂടെ... 5

**കെ. മനുപ്രസാദ്**
കൊണ്ടാഴി

▶ രണ്ടു പുഴകൾ അതിരിടുന്ന കൊണ്ടാഴി പഞ്ചായത്തിലെ കാർഷികമേഖല പ്രളയം കഴിഞ്ഞ് വരണ്ടുതുടങ്ങിയിരിക്കുന്നു. പ്രളയത്തെ അതിജീവിച്ച പാടങ്ങൾ പലതും കൊയ്തെടുക്കാൻ കഴിയാതെ കരിഞ്ഞുണങ്ങുമെന്ന പേടിയിലാണ് കർഷകർ.

പഞ്ചായത്തിലെ പതിനെട്ട് പാടശേഖരങ്ങളിൽ നാലെണ്ണത്തിനെയാണ് പ്രളയം കാര്യമായി ബാധിച്ചത്. കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് 56 ഹെക്ടർ കൃഷിയാണ് നശിച്ചത്. എട്ട് ലക്ഷത്തോളം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്.

പാടശേഖരങ്ങളോടുചേർന്ന് പുഴകൾ ഒഴുകുന്നുണ്ടെങ്കിലും കൃഷിക്ക് പ്രധാനമായും ആശ്രയിക്കുന്നത് ചീരക്കുഴി കനാലിനെയാണ്.

കാലവർഷത്തെത്തുടർന്ന് ചീരക്കുഴി റെഗുലേറ്റർ തകർന്ന് ജലവിതരണം സാധ്യമാകാത്തതാണ് കർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധി. കനാലിലൂടെ വെള്ളമെത്താത്തതിനാൽ പാടങ്ങൾ വരണ്ടുതുടങ്ങിയിരിക്കുന്നു. പാടങ്ങളിലെ കതിരുകൾ പതിരായി മാറുന്ന സ്ഥിതിയാണുള്ളത്. ചീരക്കുഴി കനാലിനെ ആശ്രയിച്ച് കൃഷിചെയ്യുന്ന മിക്ക പാടശേഖരങ്ങളും മുണ്ടകൻ ചെയ്യാൻ മടിച്ചുനിൽക്കുകയാണ്.

പാടങ്ങളോട് ചേർന്നുള്ള കുളങ്ങളെയും ചെറുതോടുകളെയും വെള്ളത്തിനായി ആശ്രയിക്കുന്നവരാണ് നിലവിൽ മുണ്ടകന് നിലമൊരുക്കുന്നത്. 150 ഹെക്ടർ മാത്രമേ മുണ്ടകൻ കൃഷിക്ക് സാധ്യതയുള്ളൂവെന്നാണ് കൃഷിഭവന്റെ കണക്കുകൂട്ടൽ.

## ജലവിതരണത്തിനായി പദ്ധതികളുണ്ട്; പക്ഷേ പാളിച്ചകൾ മാത്രം

പുഴകളിൽനിന്നു വെള്ളമെടുത്ത് പാടങ്ങളിലെത്തിക്കുന്നതിനായി പദ്ധതികളുണ്ടെങ്കിലും നടപ്പാക്കുന്നതിലെ പാളിച്ചകളാണ് തിരിച്ചടിയാകുന്നത്. മായന്നൂർ മഠത്തിൽപ്പടി, വേലൂർക്കെട്ട് എന്നീ പാടശേഖരങ്ങളിലേക്ക് വെള്ളം സുലഭമായി ലഭിക്കാവുന്ന തൂളക്കോട് ഇറിഗേഷൻ പദ്ധതിതന്നെ ഉത്തമ ഉദാഹരണമാണ്. രണ്ടു പതിറ്റാണ്ട് പഴക്കമുള്ള പദ്ധതി നിലവിൽ പ്രവർത്തനസജ്ജമല്ല. ജില്ലാ പഞ്ചായത്തും ഗ്രാമപ്പഞ്ചായത്തും പണം അനുവദിച്ചിട്ടുണ്ടെങ്കിലും എന്ന് പ്രാവർത്തികമാകുമെന്ന് പറയാറായിട്ടില്ല.



▶ കൊണ്ടാഴിയിൽ മുണ്ടകനായി നിലമൊരുക്കുന്നു

| ആകെ പാടശേഖരങ്ങൾ - 18 | |
|---|---|
| 2017-ൽ വിരിപ്പ് | 150 ഹെക്ടർ |
| 2017-ൽ മുണ്ടകൻ | 250 ഹെക്ടർ |
| 2018-ൽ വിരിപ്പ് | 110 ഹെക്ടർ |
| നശിച്ചത് | 56 ഹെക്ടർ |
| 2018-ൽ മുണ്ടകൻ സാധ്യത | 150 ഹെക്ടർ |